**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5302** **15-03-2023 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര നെൽകൃഷി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ സർക്കാർ ഒരു ഹെക്ടറിന് എത്ര രൂപയാണ് നിലവിൽ ധനസഹായം നൽകി വരുന്നതെന്ന് അറിയിക്കാമോ; | (എ) | സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ നിലവിൽ സർക്കാർ ഒരു ഹെക്ടറിന് 5500 രൂപ എന്ന തോതിൽ നെൽകൃഷിക്കുള്ള വിവിധ ഉല്പാദന ഉപാധികൾക്കായി ധനസഹായം നൽകിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ധനസഹായം അവസാനമായി വർദ്ധിപ്പിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2017-18 വരെ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ധനസഹായം ഒരു ഹെക്ടറിന് 1500 രൂപയായിരുന്നത് 2018-19 ൽ ഹെക്ടറിന് 5500 രൂപയായി വർധിപ്പിച്ചു. |
| (സി) | കൂലി, ചെലവ്, വളത്തിന്റെ വില എന്നിവ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ